**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2782** **14-09-2023 - ൽ മറുപടിയ്ക്ക്**

**എസ്.ആർ.ഐ.ടി. കമ്പനിയുടെ ഒ.ഇ.എം. ഓതറൈസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ. ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ നടത്തിയ ടെൻഡറിൽ പങ്കെടുത്ത എസ്. ആർ.ഐ.ടി. കമ്പനിക്ക് കെൽട്രോൺ ഒ.ഇ.എം. ഓതറൈസേഷൻ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | **എസ്. ആർ. ഐ. ടി. കമ്പനി സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ച യു പി എസ് നിർമ്മിച്ചിരിക്കുന്നത് കെൽട്രോണാണ്. ആയതിനാൽ പ്രസ്തുത യു പി എസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എസ്. ആർ. ഐ. ടി. ക്ക് കെൽട്രോൺ ഒ. ഇ. എം. ഓതറൈസേഷൻ നൽകിയിരുന്നു.** |
| (ബി) | എങ്കിൽ അപ്രകാരം ഒ.ഇ.എം. ഓതറൈസേഷൻ നൽകിയതിന്റെ കാരണം വിശദമാക്കാമോ;; | (ബി) | കെൽട്രോണിന്റെ പ്രൊഡക്ഷൻ യൂണിറ്റായ പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പ് നിർമ്മിക്കുന്ന ഉയർന്ന കപ്പാസിറ്റിയുള്ള യു പി എസ് ഈ ശ്രേണിയിൽ ഇന്ത്യയിൽ തന്നെ മുൻനിരയിലുള്ള ഒരു ഉല്പന്നമാണ്. ആയതിനാൽ ഇന്ത്യയിൽ നടപ്പിലാക്കുന്ന പല പദ്ധതികളിലും പ്രസ്തുത യു പി എസ് ഉപയോഗിക്കാറുണ്ട്. ടെൻഡറിൽ പങ്കെടുക്കുന്ന കമ്പനികൾ MAF സമർപ്പിക്കണമെന്ന് ടെൻഡർ വ്യവസ്ഥ ഉള്ളതിനാൽ കെൽട്രോണിന്റെ യു പി എസ് തെരഞ്ഞെടുത്ത എല്ലാ ബിഡ്ഡേഴ്സിനും കെൽട്രോൺ MAF/ഒ.ഇ.എം. ഓതറൈസേഷൻ നൽകിയിട്ടുണ്ട്. |
| (സി) | ടെൻഡർ ക്ഷണിക്കുന്ന സ്ഥാപനം തന്നെ ടെൻഡറിൽ പങ്കെടുക്കുന്ന ഒരു സ്ഥാപനത്തിന് ഒ.ഇ.എം. ഓതറൈസേഷൻ നൽകിയത് നിയമാനുസൃതമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | **നിയമാനുസൃതമാണ്. ടെൻഡർ ഡോക്യുമെന്റിൽ തന്നെ യു പി എസിന്റെ ഒ. ഇ. എം ആയി പ്രതിപാദിച്ചിരുന്ന കമ്പനികളിൽ ഒന്നാണ് കെൽട്രോൺ. അതുകൊണ്ട് ബിഡ് സമർപ്പിച്ചതും കെൽട്രോൺ നിർമ്മിക്കുന്ന യു പി എസ് ഉപയോഗിക്കുന്നതുമായ കമ്പനികൾക്ക് കെൽട്രോൺ നിർമ്മിച്ച യു പി എസിന്റെ MAF നൽകുന്നത് നിയമാനുസൃതമാണ്.** |

സെക്ഷൻ ഓഫീസർ